സൗത്ത് പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

133 (2002) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിലേക്കായുള്ള പ്രാഥമിക നടപടികൾ അരംഭിച്ചത് എന്നാണ് ; പ്രാഥമിക നടപടികൾ ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും അത്യാവശ്യമായ റിപ്പോർട്ടുകളും, പഠന വിവരങ്ങളും ലഭിച്ചിട്ടുണ്ടോ ;

(ബി) മാതൃകാ പഠനത്തിനും, തുടർ പഠനങ്ങൾക്കും വേണ്ടി തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ബന്ധപ്പെട്ട വകുപ്പ് ആവശ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ പരിസ്ഥിതി ക്ലിയറൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി, സെസ്സിൽനിന്നുള്ള സി.ആർ. ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട്, വിശദമായ രൂപരേഖ എന്നിവ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) മിനി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മേയ് 2012 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ടി ഫിഷറി ഹാർബറിന്റെ മാതൃകാ പഠനം നടത്തുന്നതിന് CWPRS, Pune എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേക്കായി 26-12-2008-ലെ G.O.(Rt.) No.747/2008/F&PD പ്രകാരം 12.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എങ്കിലും ടി തുക പര്യാപ്തമല്ലാത്തതിനാൽ 18-8-2012-ൽ ഡി11/347/08/സി.ഇ. നമ്പർ കത്ത് പ്രകാരം പ്രസ്തുത പഠനത്തിലേക്ക് 40.00 ലക്ഷം രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം 30-3-2013-ലെ G.O.(Rt.) No.257/2013/F&PD തീയതി പ്രകാരം 40.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. മാതൃകാപഠനം നടത്തുന്നതിന് പൂനയിലെ CWPRS എന്ന സ്ഥാപനത്തോട്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടതനുസരിച്ച് ടി പഠനത്തിനായി 52,86,130 രൂപയുടെ എസ്റ്റിമേറ്റ് CWPRS സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മാതൃകാ പഠനത്തിനു ശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. ആയതിന് ഏകദേശം 20 ലക്ഷം രൂപ ചെലവ് വരുന്നതാണ്. മാതൃകാ പഠനവും പരിസ്ഥിതി പഠനവും നടത്തുന്നതിന് മേൽ ഭരണാനുമതി തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

(സി) സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിലേക്കുള്ള പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് മാതൃകാ പഠനം നടത്തുന്നതിന് CWPRS, Pune എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. CWPRS-ൽനിന്നും മാതൃകാപഠനം പൂർത്തിയാക്കുന്നു മുറയ്ക്ക് പാരിസ്ഥിതിക ക്ലിയറൻസിന് ആവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി, സെസ്സിൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ട് പാരിസ്ഥിതിക പഠനം എന്നിവ ഏർപ്പാടാക്കാവുന്നതാണ്. പാരിസ്ഥിതിക പഠനത്തിനു ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പദ്ധതി നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി ഇറമുഖത്തിന്റെ പ്രതിസന്ധി

134 (2003) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ഇറമുഖത്തിന്റെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇറമുഖത്തിന്റെ സംരക്ഷണത്തിനായി നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തിൽ ഒരു സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വല്ലാർപാടം ICTT-ലെ ടെർമിനൽ ഓപ്പറേറ്ററുമായുള്ള കരാർ പ്രകാരം specified draft നിലനിർത്തുന്നത് സംബന്ധിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റും DP world-മായുള്ള കരാർ വ്യവസ്ഥ പ്രകാരം ബർത്തിന് മുമ്പിലുള്ള അപ്രോച്ച് ചാനലിനും ബേസിനും 14.5 മീറ്റർ ആഴം നിലനിർത്തേണ്ടത് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ബാദ്ധ്യതയാണ്.

LIBRARY ARCHIVES Kerala Legislative Assembly